# *ഒറ്റയാനയെഴുന്നെള്ളിപ്പിന്റെ ഓർമ്മപൂരം*

### *(മൂന്നാം ഭാഗം [3/3])*

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

***{പൂരങ്കഴിഞ്ഞു. ആനയും വാദ്യവും വിട വാങ്ങി. ഉത്സവം കഴിഞ്ഞ അമ്പലപ്പറമ്പു പോലെ മനം പൂർണ്ണമായും ശൂന്യമാകുന്നതിനു മുമ്പ് ഓർമ്മക്കോശങ്ങളെ ചൊറിഞ്ഞ് അല്പം ചിന്താച്ചൊരിച്ചിൽ. "ഞാനി"ല്ലാത്ത എന്റെ ഓർമ്മകൾക്ക് എന്തു പ്രസക്തി!}***

## 6
## വെടിക്കെട്ടുകമ്പം

ചൈനാക്കാർ, പാട്ടകൊട്ടിയിട്ടും പേടിക്കാത്ത ഭൂതഗണാദികളെ വിരട്ടിയാട്ടിയോടിക്കാൻ തുടങ്ങിവെച്ച പടക്കമേറ് ശബ്ദവും വെളിച്ചവും ഇഴചേർന്ന വെടിക്കെട്ടു കലയായി മാറി. ആചാരവെടി മുതൽ അമ്പലവെടി വരെ അനുഷ്ഠാനങ്ങളുടെ ഭാഗമായി. പാറ പൊട്ടിക്കാനും തുരങ്കം തുളയ്ക്കാനും ശത്രുസംഹാരത്തിനും ഉപയോഗമറിഞ്ഞ ഈ കണ്ടുപിടിത്തം ഭീകരരും ദുഷ്ടബുദ്ധികളും സ്ഫോടന സാദ്ധ്യതകൾക്കായി ദുർവ്വിനിയോഗം ചെയ്യാനും തുടങ്ങി. പിറന്നാൾസമ്മാനമായി കൊടുത്ത കറിക്കത്തി കൊലയ്ക്ക് ഉപയോഗിക്കുന്ന വൈരുദ്ധ്യാത്മകതയിൽ ഊന്നിയ ഭൗതിക പ്രഹേളിക. വെളിച്ചം തളച്ച് ഇരുൾ തെളിക്കുന്ന പ്രതിഭാസം. ഇതുമൂലം, ഞെട്ടിപ്പിക്കുന്നതും പേടിപ്പിക്കുന്നതുമായ സശബ്ദ ഡെസിബെലുകൾ സാമൂഹ്യ കാര്യക്രമമായി പരിണമിച്ചു.

രാജ്യസുരക്ഷയുടെ പ്രാധാന്യം ജനം അംഗീകരിച്ചെങ്കിലും വ്യക്തിസുരക്ഷത ഇപ്പോഴും നാട്ടുകാരുടെ പരിഗണനയിൽ ഇടം കണ്ടിട്ടില്ല. പ്രായോഗികചിന്ത നാട്ടിൽ എന്നും അന്യം തന്നെ. വെടിക്കെട്ട്, അപകടം സൃഷ്ടിക്കുമെന്ന് കണ്ടാൽ അത് അപ്പാടെ നിരോധിക്കുന്ന തീവ്രവാദം മാത്രമേ മനസ്സിൽ വരൂ. യഥാർത്ഥത്തിൽ വേണ്ടത് അപകടം ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ

തിരയലാണ്.

അപകടകാരികളെ കയ്യകലം നിറുത്താറുള്ള നാം വെടിക്കെട്ട് നടത്താൻ വെളിമ്പറമ്പുകൾ കണ്ടെത്തുകയാണ് വേണ്ടത്. പൂരപ്പറമ്പ് പോലെയുള്ള വിശാലമൈതാനങ്ങളിൽ ജനത്തെ ദൂരെ നിറുത്തി, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി ആഘോഷം തുടരാവുന്നതാണ്. നിരപായമായി പരിപാടി പൂർത്തീകരിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ച്ചയും അനുവദിച്ചുകൂടാ. വെടിക്കെട്ടുമായി ബന്ധപ്പെട്ട തൊഴിലാളികളെ പരിപാടി കഴിയുന്നതുവരെ മദ്യം തൊടീക്കാതിരിക്കുക, പരിപാടി കഴിഞ്ഞ് അവർക്കുവേണ്ടി വൻസൽക്കാരം കമ്മിറ്റിയുടെ ചിലവിൽ നടത്തുക തുടങ്ങിയ അനേകം പ്രായോഗിക അഭ്യാസങ്ങൾ സഹായകരമായിരിക്കും.

എന്തിനും മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കക്കാർ പ്രായോഗികബുദ്ധി പരിശീലിക്കുന്നതിൽ അഗ്രഗണ്യരാണ്. ന്യു യോർക്ക് നഗരത്തിൽ പണ്ടുണ്ടായിട്ടുള്ള വെടിക്കെട്ടപകടങ്ങളിൽ നിന്നും പഠിച്ച പ്രായോഗിക പാഠങ്ങളുടെ വെളിച്ചത്തിലായിരിക്കാം, *മേസീസി*ന്റെ ജൂലായ് 4-ലെ സ്വാതന്ത്ര്യദിന *ഫയർ വർക്സ് ഈസ്റ്റ് റിവറി*ൽ കൂറ്റൻ ചങ്ങാടങ്ങൾ (*ബാർജ്*) കെട്ടി, *ത്രി-റിങ്* സർക്കസുപോലെ കമ്പ്യൂട്ടർ നിയന്ത്രണത്തിൽ പൊരിച്ചാഘോഷിക്കുന്നതിനു നാന്ദികുറിച്ചത്. മദ്യപാനിയായ ഡ്രൈവറെ നിയന്ത്രിക്കുകയാണ് ഇവിടെ ചെയ്യുന്നത് – മദ്യം നിരോധിക്കുകയല്ല വേണ്ടതെന്ന് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അമേരിക്കക്കാർ പഠിച്ചു. ലൈംഗികരോഗം പടരുകയാണെങ്കിൽ ലിംഗം മുറിച്ചോ സുരതം നിരോധിച്ചോ അല്ല അവർ പ്രശ്നപരിഹാരം തേടുന്നത്. കൂടുതൽ വിശദീകരണം വേണമെന്നു തോന്നുന്നില്ല.

അന്തരീക്ഷ മലിനീകരണം ഭയന്ന് ഫേക്ടറികൾ അടച്ചുപൂട്ടുകയല്ല വേണ്ടത്; മറിച്ച്, അവിടെ നിന്ന് ഉത്ഭവിക്കുന്ന മാലിന്യങ്ങൾ സംസ്കരിച്ച് ഗുണപരമായ ഉൽപ്പന്നങ്ങളാക്കുകയാണ് ഉത്തമം. ദുഷിച്ച വായുവിനെ അരിച്ചുവലിച്ചുമാറ്റി ശുദ്ധി ചെയ്യുക. *റീസൈക്ലിങും റീയൂസിങും* ഇന്ന് മുൻനിരയിലുള്ള ഗവേഷണ മേഖലകളാണ്. ഇയ്യിടെ ആപ്പിൾ കമ്പനി പഴയ ഐ-ഫോണുകൾ സംസ്കരിച്ച് അനേകം കിലോഗ്രാം സ്വർണ്ണം വീണ്ടെടുത്തത്രെ. ഭാവിയിൽ ജനസംഖ്യാനുപാതികമായി അസംസ്കൃതവസ്തുക്കൾ വളരാത്തതിനെ നേരിടാനുള്ള ഏക ആയുധം, ഉപയോഗിച്ചവയെ മണ്ണിലും വെള്ളത്തിലും തള്ളാതെ, അതിലെ അവശ്യവസ്തുക്കളെ വീണ്ടെടുക്കാനുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും

പേറ്റൻറുകളുടെ അവിഭാജ്യഘടകമാക്കുന്ന നിയമനിർമ്മാണം നിഷ്കർഷിക്കലാണ്. പ്രത്യക്ഷത്തിൽ ചിലവുകൂട്ടുന്ന പ്രക്രിയയെന്ന് തോന്നാമെങ്കിലും, ഭാവിതലമുറയോട് നമുക്കുള്ള ബാദ്ധ്യതയും വികാസച്ചക്രത്തിന്റെ മൊത്തക്കണക്കുമെടുക്കുമ്പോൾ അതൊരു നഷ്ടമാകില്ല.

ശബ്ദമലിനീകരണവും അന്തരീക്ഷ മലിനീകരണവും വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ തന്നെ. കാതടപ്പിക്കുന്ന ശബ്ദം കേൾക്കാനാണ്, കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചം കാണാനാണ് നാം എത്തുന്നതെങ്കിലും ഈ പ്രശ്നങ്ങൾ ശ്രദ്ധയർഹിക്കുന്നു. *ഇക്കോ-ഫ്രെൻഡ്‌ലി*യായ വെടിക്കെട്ടു രാസവസ്തുക്കൾ കണ്ടുപിടിക്കാനും, അതിശ്ശബ്ദം താങ്ങാനാവാത്തവരെ വെടിക്കെട്ടു നടക്കുമ്പോൾ ദൂരെ പാർപ്പിക്കാനും സംവിധാനം ഉണ്ടാക്കണം. സമീപത്ത് ആശുപത്രികൾ ഉണ്ടെങ്കിൽ വെടിയൊച്ച സഹിക്കാൻ വയ്യാത്ത രോഗികളെ താൽക്കാലികമായി മാറ്റി പാർപ്പിക്കുകയോ അവരുടെ മുറികൾ ഒച്ചയേശാത്ത രീതിയിൽ ബലപ്പെടുത്തുകയോ ആവാം. ഈ സമീപനം എല്ലാ മേഖലകൾക്കും ബാധകമാണ്. ഡാമുകൾ പണിയുമ്പോഴും മറ്റു വികസനപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും മൃഗസംരക്ഷണത്തിനൊപ്പം പദ്ധതികൾ മൂലം ഉത്മൂലനം സംഭവിക്കുന്ന മനുഷ്യരെ സംരക്ഷിക്കാനും ആദ്യ സാദ്ധ്യതാപഠനങ്ങളിൽ സ്ഥലം കണ്ടെത്തേണ്ടതാണ്.

## 7
## വാഴവെട്ടുന്ന സാമൂഹ്യവിരുദ്ധർ

പൂരത്തിന്നിടയിൽ സാമൂഹ്യവിരുദ്ധർ മുതലെടുപ്പു നടത്തുന്നത് പണ്ടൊക്കെ പതിവായിരുന്നു. “ആന മദിച്ചേ, ആന മദിച്ചേ...” എന്ന് മുറവിളികൂട്ടി ഒരു റൌഡി സംഘം കുഴപ്പം സൃഷ്ടിച്ച അവസരത്തിൽ ഒരു മദാമ്മ വായുവിൽ ഒഴുകി നടക്കുന്നത് ചെറുപ്പക്കാലത്ത് കണ്ട ഓർമ്മയുണ്ട്. മറ്റൊരു പൂരദിവസം സ്വരാജ് റൌണ്ടിലൂടെ മുന്നറിയപ്പില്ലാതെ ഓടിവന്ന ആനയെക്കണ്ട് ഞാനും ജീവനുംകൊണ്ട് ഓടിയിട്ടുണ്ട്.

ആനപ്പകയുടെ കഥകളിലെ തുന്നൽക്കാരന്റെ സൂചിപോലെയുള്ള പാപ്പാന്റെ ക്രൂരതകൾക്കെതിരെ ആനകൾ സ്ഥലകാലം മറന്ന് തഞ്ചവും തരവും നോക്കി പ്രതികാരത്തിനു മുതിരുന്നു. ദീർഘനേരത്തെ നിൽപ്പും അവയെ ക്ഷീണിതരാക്കുന്നു. അമിതമായ ആനപ്രേമവും ആനഭ്രാന്തും ഒരുപോലെ ഹാനികരം തന്നെ. ജന്തുപ്രേമികൾ ഉത്സവക്കാലത്ത് ആനകളെ പരിപൂർണ്ണമായി നിരോധിക്കുക എന്ന ആശയം പൊന്തിച്ചു പിടിക്കുമ്പോൾ,

ജീവജാലങ്ങളെ സ്നേഹിക്കുന്ന മനുഷ്യർ ആനകൾക്കു വിശ്രമവും ഉല്ലാസവും കൊടുക്കുന്ന ഇടവേളകൾ കണ്ടെത്തി അവയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാനാണ് പരിശ്രമിക്കേണ്ടത്. നിരയിലെ നടുവിൽ കോലമേന്തുന്ന ആന ആത്മവിശ്വാസത്തിന്റെ ഉത്തേജനരസം തലയിലുണ്ടാക്കി, ശിരസ്സ് പൂർവ്വാധികം ഉയർത്തി മറ്റാനകളെ വീക്ഷിക്കുന്ന കാഴ്ച്ച വെറും ഭാവനാ വിലാസമൊന്നുമല്ല. *ഡോഗ്ഷോ* നടത്തിയും നാം മൃഗചേതസ്സ് വർദ്ധിപ്പിക്കുന്നു.

ആനയും ചിന്തിക്കുന്ന ഒരു ജീവിയാണ്. മൃഗശാസ്ത്ര ഗവേഷണഫലങ്ങൾ ആനത്തലച്ചോറിന്റെ പ്രവർത്തന രീതികൾ കൂടുതൽ പുറത്തു കൊണ്ടുവരുമ്പോൾ, അവയെ മദപ്പാടിനെ മരവിപ്പിക്കുന്ന മരുന്നുകൂട്ടാക്കുക. ആനയെ മത്തുപിടിപ്പിക്കുന്ന രാസ-സ്പ്രേകൾ ബയോളൊജിക്കൽ വാർഫെയറിനുള്ള ഉൽപ്പന്നങ്ങളാക്കി പെട്ടിക്കടകളിൽ വില്പനയ്ക്കെത്തുന്നതിനു മുമ്പേ അതിനുള്ള ആന്റിഡോട്ടുകൾ വികസിപ്പിക്കുക.

## 8
## ഉത്സവപ്രതീക്ഷ

"ഉത്സവങ്ങൾ ചെങ്കുത്തായ കൊടുമുടികളിലേക്കു കയറുന്ന ജീവിതസരണിയിൽ വിശ്രാന്തിക്കുള്ള സമതലങ്ങളാണ് – ഉയരമുള്ള ഗോവണികൾക്കിടയിൽ നാം നിർമ്മിക്കുന്ന പ്ലേറ്റ്ഫോമുകൾ." ഏറ്റവും വലിയ ഒരു കമ്മ്യൂണിസ്റ്റു നേതാവിന്റെ മകൻ, ഉത്സവങ്ങൾ നിരോധിക്കണമെന്ന ആശയം പ്രകടിപ്പിച്ചതു കേട്ടറിഞ്ഞ ഞാൻ ചെറുപ്പത്തിൽ കൊടുത്ത മറുപടിയാണിത്. സാമൂഹ്യ സംഘർഷം കുറയ്ക്കാൻ ഉത്സവങ്ങളും ആഘോഷങ്ങളും അനിവാര്യമാണ്. അല്ലെങ്കിൽ ദ്രോഹങ്ങൾ വർദ്ധിക്കുക മാത്രമേയുള്ളൂ. അനാവശ്യ സമരങ്ങൾ, ചതി, കൊല, കൊള്ളിവെപ്പ്, കളവ്, അതിക്രമങ്ങൾ എന്നിവ ക്രമാതീതമാകും. മനോനിലയുടെ പ്രത്യേകതയോ പരിമിതിയോ മൂലം ഉത്സവങ്ങളോട് മടുപ്പ് തോന്നുന്നവർ, അന്നേ ദിവസം ശാന്തമായ അന്തരീക്ഷത്തിലേക്ക് പിൻവാങ്ങി ധ്യാനനിരതരാകുക.

ഉത്സവങ്ങളെ ഒരു ധൂർത്തായി കാണുന്നവർ സാമ്പത്തികശാസ്ത്ര യാഥാർത്ഥ്യം മനസ്സിലാക്കിയാൽ ചെലവിനെ ന്യായീകരിക്കുകയെയുള്ളൂ. പലപ്പോഴും കള്ളപ്പണമാണ് ഒഴുകുന്നതെങ്കിൽക്കൂടി ആ പണം,

കള്ളനോട്ടല്ലെങ്കിൽ,  ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്നതിലും ഭേദം ചെലവഴിക്കപ്പെടുന്നതാണ്. സർക്കാരിനു കിട്ടേണ്ട നികുതിവിഹിതം നഷ്ടപ്പെടുമെങ്കിലും പല കള്ളസ്രോതസ്സുകളും കണ്ടെത്താൻ ഇവ സഹായിക്കും. വിവാഹങ്ങളിലും ധനാഢ്യർ പണം ചിലവഴിച്ച് പ്രൌഢി കാണിക്കട്ടെ. കള്ളപ്പണം വിപണിയിൽ ഒഴുകട്ടെ. ഇത്തരം പ്രൌഢികാണിക്കൽ വലിയ കാര്യമല്ലെന്ന തോന്നൽ ജനങ്ങളിൽ ഉണ്ടാക്കുകയാണ് വേണ്ടത്.

എന്തായാലും, അത്തരം പണം അവർ വ്യക്തികൾക്കോ സർക്കാരിനോ വികസനപ്രവർത്തനങ്ങൾക്കോ ദാനമായി കൊടുക്കാൻ പോകുന്നില്ല. എന്നാൽ പണം വിപണിയിൽ എത്തുമ്പോൾ അത് ഉൽപ്പാദനത്തെയും വ്യാപാരത്തെയും ശക്തിപ്പെടുത്തുന്നു.

പണം ചിലവഴിക്കുമ്പോഴാണ് പണം സൃഷ്ടിക്കപ്പെടുന്നത്. സാമ്പത്തിക വ്യവസ്ഥ ഉൽപ്പന്നങ്ങളുടെ ക്രയവിക്രയത്തിൽ അധിഷ്ഠിതമാണല്ലോ. എല്ലാവരും വളർച്ചയുടെ വിഹിതം, നേരിട്ടോ അല്ലാതെയോ കൈപ്പറ്റുന്നു. ഇതുമൂലമുള്ള നാണയപ്പെരുപ്പത്തിന്റെ ദുഷ്ഫലം മറ്റു മൊത്തഗുണങ്ങളുമായി ഒത്തു നോക്കുമ്പോൾ അത്ര മോശമല്ലെന്നു കാണാം.

സർക്കാർ, കള്ളപ്പണം സമ്പാദിക്കാനുള്ള വഴികൾ അടയ്ക്കുന്ന കർമ്മം ഒരു ഭാഗത്ത് തുടരട്ടെ. അതുവരെ ജനജീവിതം സ്തംഭിക്കരുതല്ലോ. പുലർന്നുപോരുന്ന ധാർമ്മികതയുടെയും അധാർമ്മികതയുടെയും അതിർവരമ്പുകളുടെ ഉല്ലംഘനം മന്ദഗതിയിലാക്കി ഇന്നത്തെ പഴയ തലമുറ അനുഭവിക്കാനിടയുള്ള “സംക്രമണ വേദന”യുടെ ശക്തി കുറയ്ക്കലും പ്രധാനപ്പെട്ട വിഷയം തന്നെ.

അപകടം പതിയിരിക്കുന്ന ആഘോഷ മേഖലകളെക്കുറിച്ച് കൂടുതൽ പഠിച്ച് നാനാവിധ സുരക്ഷ ഉറപ്പാക്കുന്ന സംവിധാനം പ്രദാനം ചെയ്യലാണ് അത്യാവശ്യം. അതിനുള്ള മന്ത്രാലയങ്ങൾ സ്വന്തം കാലിൽ നിൽക്കാൻ കെൽപ്പുള്ള സ്ഥാപനങ്ങളായി, കോടതികൾക്ക് മാർഗ്ഗനിർദ്ദേശം കൊടുക്കുന്ന നിയമ നിർമ്മാണങ്ങളിലൂടെ, വളരുകയാണ് വേണ്ടത്.
(അവസാനിച്ചു)

****************************************************************************************************